III. സബ്മിഷൻ

(1) കോട്ടയം ജില്ലയിൽ പുഴ വഴിമാറി ഒഴുകിയ പ്രദേശങ്ങളിലെ കരമണൽ ഖനനം ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

ശ്രീ. പി. സി. ജോർജ്ജ്: സർ, നമ്മുടെ സംസ്ഥാനത്തെ മണൽ മാഫിയ എത്ര ശക്തമാണെന്നുള്ളതിന് തെളിവുകൾ എത്ര വേണമെങ്കിലും നിരത്താൻ കഴിയും. കഴിഞ്ഞ ദിവസമാണ് വയനാട്, പാലക്കാട് ജില്ലകളിലെ മണലൂറ്റു സംഘം ഉദ്യോഗസ്ഥന്മാരെയും ഫോട്ടോഗ്രാഫർമാരെയും പത്രപ്രവർത്തകരെയും അടിച്ച് ഓടിച്ചത്. ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. കോട്ടയം ജില്ലയിലെ പൊൻപള്ളി, പാറാമ്പുഴ, വൈക്കം പ്രദേശങ്ങളിലായി മണലൂറ്റു മാഫിയ ചുരണ്ടെടുക്കുന്ന സംസ്ഥാനത്തെ ഏറ്റവും വലിയ കരമണൽ നിക്ഷേപമുണ്ട്. കരിമണൽ അല്ല. പഴയ കരിമണലിനേക്കാൾ കരമണൽ ചൂഷണം നടന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തു കണ്ടെത്തിയ കരമണൽ നിക്ഷേപത്തിൽ പകുതിയിലധികവും മൂവാറ്റുപുഴ, മീനന്തലയാറുമായി ബന്ധപ്പെട്ട സ്ഥലത്താണ്. ഈ നദികൾ വർഷങ്ങൾക്കു മുമ്പേ വഴിമാറി ഒഴുകിയപ്പോൾ മുമ്പ് നദിയായിരുന്ന സ്ഥലങ്ങൾ വൻ മണൽ നിക്ഷേപങ്ങൾ ആകുകയായിരുന്നു. കോട്ടയം ജില്ലയിലെ വൈക്കം പ്രദേശത്ത് വെള്ളൂർ, ചെമിനാകേരി, വേപ്പമംഗലം എന്നിവിടങ്ങളിലും പൊൻപള്ളി, പാറാമ്പുഴ പ്രദേശത്തുമാണ് ആറ്റുമണലിനേക്കാൾ നല്ല കരമണൽ നിക്ഷേപമുള്ളത്. അഞ്ചു വർഷമായി ഇവിടങ്ങളിൽ സർക്കാർ അനുമതിയോടെ കരമണൽ ഖനനം നടക്കുന്നുണ്ട്. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ജില്ലയിലെ അനുമതിയുള്ള ഖനനത്തിലൂടെ നികുതി ഇനത്തിൽ സർക്കാരിന് അഞ്ചുകോടി രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ Mining and Geology വകുപ്പ് കർശന നിർദ്ദേശത്തോടുകൂടി നല്കുന്ന പെർമിറ്റുകൾ ദുരുപയോഗപ്പെടുത്തി മണൽ വാരൽ സംഘങ്ങൾ വൻ മാഫിയയായി വളരുകയാണ്. ഒരു മാസത്തേയ്ക്ക് നൂറ് ലോഡ് മണൽ വ്യവസ്ഥകൾ പാലിച്ച് യന്ത്രം ഉപയോഗിച്ച് വാരുന്നതിനാണ് Mining and Geology വകുപ്പ് അനുമതി കൊടുത്തിട്ടുള്ളത്. പക്ഷേ ഇവർ ഒരു ദിവസം ആയിരം ലോഡിൽ അധികമാണ് ശേഖരിച്ചു കൊണ്ടിരിക്കുന്നത്. ആറ്റു മണലിനേക്കാൾ ഗുണമേന്മയുള്ള കരമണൽ നിക്ഷേപത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ഖനനത്തിന് എത്തിയവർ മൂന്നു നാല് വർഷംകൊണ്ട് കോടീശ്വരന്മാർ ആയിരിക്കുകയാണ്. മീനന്തല ആറ്റിൽ പൊൻപള്ളി ഭാഗത്ത് അനധികൃത മണലൂറ്റ് ആഗസ്ത് 24-ാം തീയതി ഹൈക്കോടതി നിരോധിച്ചു. ജെറ്റ് മോട്ടോർ ഉപയോഗിച്ച് മണൽ എടുക്കുമ്പോൾ ഉണ്ടാകുന്ന കുഴികൾ ഭാവിതലമുറയെ ശവക്കുഴികളിൽ ആക്കുമെന്നതിനാൽ കർശന നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജി ബാലകൃഷ്ണൻ നായരുടെ വിധിയിൽ പറഞ്ഞിട്ടുണ്ട്. ജെറ്റ് മോട്ടോർ ഉപയോഗിച്ചുള്ള അനധികൃത മണലൂറ്റ് നടന്നുകൊണ്ടിരിക്കുകയാണ്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജില്ലയാണ്. നദിയുടെ സമീപത്ത് വലിയ ജെറ്റ് മോട്ടോർ ഉപയോഗിച്ച് സക്ക് ചെയ്ത് മണൽ എടുക്കുകയാണ്. മുഖ്യമന്ത്രിയുടെ പുരയിടത്തിന് കീഴിലുള്ള മണലും,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥത്തിൽ കിലോമീറ്ററുകൾക്ക് അപ്പുറത്തുനിന്ന്, ജെറ്റ് ഉപയോഗിച്ച് പമ്പ് ചെയ്ത് എടുത്തിട്ടുണ്ട്. അങ്ങ് പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത്രമാത്രം വ്യാപകമായി കൊള്ള നടന്നിട്ട് ഇത് തടയാൻ കഴിയുന്നില്ല. കോട്ടയം ജില്ലയിൽ പൊൻപള്ളി ഭാഗത്ത് അഞ്ഞൂറോളം പേർ സംഘം ചേർന്നുനിന്നു കൊണ്ടാണ് ഈ രീതിയിലുള്ള മണലൂറ്റ് നടത്തുന്നത്. മനോരമയുടേയും ദേശാഭിമാനിയുടേയും പത്ര ഫോട്ടോഗ്രാഫർമാർ ചെന്നിട്ട് ജീവനുംകൊണ്ട് ഓടി രക്ഷപ്പെടേണ്ട ഗതി ഉണ്ടായി. ഫോട്ടോ എടുക്കുവാൻ അനുവദിച്ചില്ല. ഉദ്യോഗസ്ഥൻമാർ അത്ര മാത്രം സഹായമാണ് അവർക്ക് ചെയ്തുകൊടുക്കുന്നത്. ഞാൻ ആരേയും കുറ്റപ്പെടുത്തുകയല്ല. ഈ കൃാബിനറ്റിലെ ഒരു മന്ത്രിയുടെ ബന്ധം ഉപയോഗിച്ചുകൊണ്ടാണ് ഭാവി തലമുറയെപ്പോലും തകർക്കുന്ന ഈ രീതിയിലുള്ള മണലൂറ്റ് നടക്കുന്നത് എന്നുള്ളത് ഏറ്റവും ഖേദകരമായ കാര്യമാണ്. ജെ. സി. ബി. കൊണ്ട്, നീളം കുറഞ്ഞ ഹോസ് കൊണ്ടാണ് ചെളിയും മണലും ഊറ്റിയെടുക്കുന്നത്. സമീപങ്ങളിലുള്ള പുരയിടങ്ങളിലെ മണൽ ചോർത്തുകയാണ്. ഇതിനെ ചെറുക്കുന്ന നാട്ടുകാരെ ഒതുക്കുവാൻ വേണ്ടി ഗുണ്ടാസംഘം നിലവിലുണ്ട്. മണലൂറ്റലിനെ പ്രതിഷേധിക്കുന്നവരെ ഈ ഗുണ്ടാസംഘങ്ങൾ അടിച്ചമർത്തുകയാണ്. മാധ്യമ പ്രവർത്തകരെ അടിച്ച് ഓടിച്ചു. കഴിഞ്ഞ ദിവസം വയനാട്ടിലെ മണലൂറ്റു സ്ഥലത്തുചെന്ന കൃാമറാമാൻമാരെയും ആക്രമിച്ചു. ഇതിനെക്കുറിച്ച് സർക്കാർ ഒരു നടപടിയും സ്വീകരിച്ചില്ല. മീനന്തലയാറ്റിലെ ഖനനത്തിന്റെ പ്രധാന കണ്ണികളിലൊരാൾ നേരത്തെ സൂചിപ്പിച്ച, മുന്നു വർഷമായി അവിടെ Mining and Geology-യുടെ ഒരു ജില്ലാ ഓഫീസർ ഉണ്ടായിരുന്നു. അയാളുടെ പേരിൽ ആരോപണം വന്നതിന്റെ അടിസ്ഥാനത്തിൽ അയാൾക്കെതിരെ കോടതിയിൽ കേസുകളും വിജിലൻസ് കേസും വന്നപ്പോൾ അയാളെ മാറ്റി വേറെയൊരു ഉദ്യോഗസ്ഥനെ വച്ചു. ആ ഉദ്യോഗസ്ഥൻ ഈ മണലൂറ്റു മുഴുവൻ കർശനമായി നിരോധിച്ചുവെന്നു മാത്രമല്ല അദ്ദേഹം ഹൈക്കോടതിക്ക് കൊടുത്ത റിപ്പോർട്ടിലും ജനങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നത് അനുസരിച്ച് ജനത്തെപ്പോലും തല്ലിയോടിച്ചുകൊണ്ട് ഗുണ്ടാ മാഫിയകളുടെ നേതൃത്വത്തിൽ മണലൂറ്റു നടക്കുകയാണെന്ന് അദ്ദേഹം സത്യവാങ്മൂലം കൊടുത്തു. അദ്ദേഹത്തിനു കിട്ടിയ അനുഭവമെന്താണ്? അദ്ദേഹത്തെ ഒരു മാസത്തിനുമുമ്പ് സ്ഥലം മാറ്റി. വേറെയൊരു ഉദ്യോഗസ്ഥനെ ഉപയോഗിച്ചാണ് ഇപ്പോൾ മണലൂറ്റ് നടത്തുന്നത്. ഇത് ഗവൺമെന്റ് അറിഞ്ഞില്ല എന്നു വയ്ക്കുന്നത് ശരിയാണോ? എന്തുകൊണ്ട് ഈ രീതിയിലുള്ള നടപടികൾ ഉണ്ടാകുന്നു? മീനന്തലയാറ്റിലെ മണലൂറ്റുന്ന പ്രധാന കണ്ണിക്ക് ഇപ്പോൾ 2 കോടിയോളം രൂപ വില വരുന്ന 6 മണ്ണ് മാന്തികളുണ്ട്. ഇതുകൂടാതെ 40 ജെറ്റ് മോട്ടോറുകളും 15 ലോറികളും 2 ജെ. സി. ബി. കളും അനേകം ട്രാക്ടറുകളും അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ ആ സ്ഥലത്ത് പോയി കണ്ടതുകൊണ്ടാണ് പറയുന്നത്. എന്തുകൊണ്ട് ഇത് തടയാൻ കഴിയുന്നില്ല? ഗവൺമെന്റ് ഈ രാജ്യത്ത് ഇല്ലേ? ഹൈക്കോടതി വിധിയിൽ പറയുന്നു.....

മി. സ്പീക്കർ: അത് മുഴുവൻ വായിക്കേണ്ട. സമയം കുറവാണ്. പ്ലീസ്.

ശ്രീ. പി. സി. ജോർജ്ജ്: The first respondent Geologists to take .....whether the mining has reached the ground water level. ഗ്രൗണ്ട് വാട്ടർ ലെവലിൽ നിന്ന് 20 മീറ്റർ കൂടി താഴ്ത്തി മണലൂറ്റിയാൽ നമ്മുടെ മക്കളുടെ ജീവിതം എന്താവും? ഇത് ചിന്തിക്കാനുള്ള ബാദ്ധ്യതയില്ലേ? ഞാൻ കളക്ടറോടും ആർ. ഡി. ഒ.-യോടും തഹസീൽദാരോടും പറഞ്ഞു. ഞാൻ ബഹളം വച്ച ദിവസം തന്നെ ഉദ്യോഗസ്ഥന്മാർ അവിടെ പോയി. തഹസീൽദാർ മി. മാത്യു അവിടെ ചെന്നത് കാറിലാണ്. ഈ മാഫിയ നേരെ കൊണ്ടുപോയി ഒരു കെട്ട് അവിടെ വച്ചു. ആ കെട്ടിന്റെ മുകളിൽ കയറി ഇരുന്ന് ആ തഹസീൽദാർ തിരിച്ചുവന്നു. ഒരു ഉത്തരവാദിത്തമുള്ള എം.എൽ.എ. എന്ന നിലയിൽ ഞാൻ പറയുകയാണ്. ജില്ലാ കളക്ടറുണ്ട്. അവരുടെ വായ് മൂടിക്കെട്ടിയിരിക്കുകയാണ്. അവർക്ക് ആഗ്രഹമുണ്ട്. അവരെക്കൊണ്ട് ചെയ്യിച്ചില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് ഇടപെട്ട് ഈ മണലൂറ്റ് സംഘത്തെ നിലയ്ക്ക് നിർത്തുകയും ഈ രാജ്യത്തെ രക്ഷിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കരമണൽ ഖനനത്തിന് മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റാണ് ലൈസൻസ് കൊടുക്കുന്നത്. 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് അനുസരിച്ചാണ് ലൈസൻസ് കൊടുക്കുന്നത്. അതിന് വ്യക്തമായ ചില വ്യവസ്ഥകളുണ്ട്. അതിനുപുറമെ, ഇതിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഹൈക്കോടതിയുടെ വിധി വന്നിട്ടുണ്ട്. ഈ വ്യവസ്ഥകൾ ലംഘിച്ചും കോടതി വിധി മാനിക്കാതെയും കോട്ടയം ജില്ലയുടെ പല പ്രദേശങ്ങളിലും കരമണൽ ഖനനം ചെയ്യുന്നു എന്നുള്ള പരാതി ഉണ്ടായിട്ടുണ്ട്. ആ പരാതിയെ വളരെ ഗൗരവമായിത്തന്നെയാണ് ഗവൺമെന്റ് കണ്ടിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. സി. ജോർജ്ജ് പറഞ്ഞ നട്ടാശ്ശേരി, പൊൻപള്ളി പ്രദേശത്ത് നിന്ന് എനിക്കുതന്നെ പരാതി ലഭിച്ചു. ഞാൻ നേരിട്ട് കളക്ടറോട് പറഞ്ഞു. കളക്ടർ അവിടെ ഉദ്യോഗസ്ഥന്മാരെ വിട്ട് പരിശോധിപ്പിച്ചു. അവിടെ ഉദ്യോഗസ്ഥന്മാർ ചെല്ലുമ്പോൾ മോട്ടോർ ഉപയോഗിച്ചുള്ള ഖനനം നടക്കുന്നില്ലായിരുന്നു. എങ്കിലും നേരത്തെ മോട്ടോർ ഉപയോഗിച്ചു എന്നുള്ള തെളിവ് കിട്ടി. ആ സാഹചര്യത്തിൽ അവിടെ അനുവദിച്ചിരുന്ന അഞ്ച് ലൈസൻസുകളും അപ്പോൾതന്നെ ക്യാൻസൽ ചെയ്തു. അവിടെ ഇനി ആരെയും മണൽ എടുക്കാൻ അനുവദിക്കുകയില്ല. കോട്ടയം ജില്ലയിൽ അവശേഷിക്കുന്നത് 30 പെർമിറ്റുകളാണ്. അതിൽ 6 പേർ ഇതിലെ വ്യവസ്ഥകൾ പാലിക്കുന്നില്ലെന്ന് കണ്ടതിനാൽ നോട്ടീസ് കൊടുത്തിരിക്കുകയാണ്. കൊടുത്തിരിക്കുന്ന പെർമിറ്റുകൾ ക്യാൻസൽ ചെയ്യണമെന്നുണ്ടെങ്കിൽ ചില വ്യവസ്ഥകളുണ്ട്. അതനുസരിച്ചാണ് നോട്ടീസ് കൊടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ പല കാര്യങ്ങളും മുഖവിലയ്ക്ക് തന്നെ എടുക്കുന്നു. അതുകൊണ്ട് കോട്ടയം ജില്ലയിലെ എല്ലാ പെർമിറ്റ് ഉടമകളും വ്യവസ്ഥകളും കോടതിവിധിയുടെ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കും. എന്നിട്ട് അത് പാലിക്കാത്തവരുടെ പെർമിറ്റുകൾ ക്യാൻസൽ ചെയ്യാൻ നടപടി സ്വീകരിക്കും. കരമണൽ ഖനനം സംബന്ധിച്ച വ്യാപകമായ പരാതികൾ മറ്റ് ജില്ലകളിലും ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് കർശനമായിട്ടുള്ള നടപടികൾ സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly